21/10/2020
WEDNESDAY

# MALAYALAM
## (Adisthana Padavali)

STD - X
Class - 13

1) കൊച്ചുചക്കരച്ചി എന്ന കഥയുടെ ഒരു ചെറിയ ആശയം.

Ans) വൃക്ഷലതാദികളെ പേരുചൊല്ലി വിളിച്ച് വളർത്തിയ ഒരുകാലം നമുക്ക് ഉണ്ടായിരുന്നു. വേനലൊഴിവിന്റെ നല്ല ഭാഗവും മാവിൻചുവടുകളിൽ മാങ്ങ പെറുക്കിയും മാവിലെറിഞ്ഞും കളികളിലേർപ്പെട്ടും ആഘോഷമാക്കിയ കാലം. ഒരു നാട്ടുമാവുമായുള്ള ആത്മബന്ധത്തിന്റെ ഓർമകൾ പങ്കുവെച്ചുകൊണ്ട് പ്രകൃതിയുമായി ഇണങ്ങിജീവിച്ച കാലത്തെ ആവിഷ്കരിക്കുകയാണ് ആത്മകഥാപരമായ ഈ ലേഖനത്തിൽ എ.പി. ഉദയഭാനു.

തുടിയേറും.

5. മാവ്, മാമ്പഴം എന്നിവ പ്രമേയമായി വരുന്ന കാവ്യഭാഗങ്ങളും പാട്ടുകളും ശേഖരിച്ച് പതിപ്പ് തയാറാക്കുക..

- **മാമ്പഴം**

അങ്കണത്തൈത്തമാവിൽ നി-
  ന്നാദ്യത്തെപ്പഴം വീഴ്‌കെ-
യമ്മതൻ നേത്രത്തിൽനി-
  ന്നുതിർന്നു ചുടുകണ്ണീർ.
നാലു മാസത്തിൻമുമ്പി,-
  ലേറെനാൾ കൊതിച്ചിട്ടി-
ബ്ബാലമാകന്ദം പൂവി-
  ട്ടുണ്ണികൾ വിരിയവേ,
അമ്മതൻ മണിക്കുട്ടൻ
  പൂത്തിരി കത്തിച്ചപോ-
ലമ്മലർച്ചെണ്ടൊന്നൊടി-
  ച്ചാഹ്ളാദിച്ചടുത്തെത്തി.
ചൊടിച്ചു മാതാവപ്പോൾ:
  "ഉണ്ണികൾ വിരിഞ്ഞ പൂ-
വൊടിച്ചുകളഞ്ഞല്ലോ,
  കുസൃതിക്കുരുന്നേ, നീ.
മാങ്കനി വീഴുന്നേര-
മോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുല തല്ലുന്നതു
  തല്ലുകൊള്ളാഞ്ഞിട്ടല്ലേ?"
പൈതലിൻഭാവം, മാറീ;
  വദനാംബുജം വാടീ;
കൈതവം കാണാക്കണ്ണു
  കണ്ണുനീർത്തടാകമായ്

*വൈലോപ്പിള്ളി*

- **മാമ്പഴപ്പാത**

നാലുവരിപ്പാതയുടെ
നടുക്കുവീണ മാങ്ങ
നല്ലപോലെ മൂത്തിരുണ്ട്
ചോന്നുരുണ്ട മാങ്ങ.
ഓടിവന്നെടുത്തതില്ല
പൂതിയെന്ന കുട്ടി.
പാറിവന്ന് കൊത്തിയില്ല
പേടിയെന്ന കാക്ക
വാസനിക്കാൻ സംശയിച്ച്
കാറ്റ് മാറി നിൽക്കെ,
വീണ്ടെടുക്കാൻ വിരലെഴാതെ
മാവ് തേങ്ങി നിൽക്കെ,
"കണ്ടതാദ്യം" "കേട്ടതാദ്യം"
"കല്ലെറിഞ്ഞതാദ്യം"
വീമ്പിളക്കി വന്ന വെയിൽ
പല്ലിളിച്ചു നിൽക്കെ,
നാലുവരിപ്പാതയുടെ
നടുക്കുവീണ മാങ്ങ
നാലുപാടുമെട്ടുപാടും
കൊതിവിതറും മാങ്ങ

\- - - - - - - - - - - - - - - - - - - - -

നാലുവരിപ്പാതയുടെ
നടുക്കുവീണ മാങ്ങ
നാക്കിലൂടെ ചാറൊലിച്ച്
പാഞ്ഞുപോയൊരോർമ.

*മോഹനകൃഷ്ണൻ കാലടി*